ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യൻ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമാക്കി പാകിസ്ഥാൻ നടത്തിയ ആക്രമണങ്ങൾ ശക്തമായി പ്രതിരോധിച്ചതായും വ്യോമ പ്രതിരോധ സംവിധാനങ്ങൾക്ക് നേരെ പ്രത്യാക്രമണം നടത്തിയതായും കേന്ദ്ര സർക്കാർ

   The central government has strongly defended Pakistan's attacks on Indian military targets and neutralised Pak-air defense systems

2. കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗത്തിൽ ഇന്ത്യൻ സായുധ സേനയ്ക്ക് ഏക സ്വരത്തിൽ പിന്തുണ പ്രഖ്യാപിച്ച് രാഷ്ട്രീയ പാർട്ടികൾ

   Political parties have unanimously expressed support for the Indian Armed Forces in an all-party meeting called by the central government

3. ദേശീയ സുരക്ഷ സംബന്ധിച്ച മുൻകരുതൽ നടപടികളുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി

ഉന്നതതല യോഗം വിളിച്ചു ചേർത്തു, സായുധ സേനയുടെ നീക്കം അഭിമാനകരമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്

**Prime Minister Narendra Modi has called a high-level meeting as part of precautionary measures regarding national security, and Defence Minister Rajnath Singh has called the move by the armed forces a matter of pride**

4. പാകിസ്ഥാനിൽ നിന്നുള്ള വെബ് സീരീസുകളും, സിനിമകളുമടക്കം, രാജ്യത്തെ ഒടിടി, സ്ട്രീമിങ്ങ് പ്ലാറ്റ്ഫോമുകളിൽ സംപ്രേഷണം ചെയ്യുന്നത് നിർത്തിവെയ്ക്കാൻ നിർദ്ദേശിച്ച് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം

**The Ministry of Information and Broadcasting has ordered a ban on web series and films from Pakistan, and a ban on their airing on OTT and streaming platforms in the country**

5. കേരളത്തിൽ വീണ്ടും നിപ സ്ഥിരീകരിച്ചു. മലപ്പുറം വളാഞ്ചേരി സ്വദേശിനിക്കാണ് രോഗബാധ.

**Nipah has been confirmed again in Kerala. A native of Valanchery, Malappuram, has been infected with the disease.**

&&&&&&&&&&&&&&&&&&&

## VIKRAM MISRI-INTRO

രാജ്യത്തിൻറെ വടക്ക്, പടിഞ്ഞാറൻ മേഖലയിലെ നിരവധി സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ഇന്നലെ രാത്രി പാകിസ്ഥാൻ സൈന്യം നടത്തിയ ഡ്രോൺ - മിസൈൽ ആക്രമണം രാജ്യം ശക്തമായി പ്രതിരോധിച്ചതായി കേന്ദ്ര സർക്കാർ. പാകിസ്ഥാൻറെ ഭാഗത്തു നിന്നും എന്തു നടപടിയുണ്ടായാലും ഉചിതമായ മറുപടി നൽകുമെന്നും വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. പാകിസ്ഥാൻ അതിർത്തിയിലെ ഭീകരകേന്ദ്രങ്ങൾ മാത്രമാണ് ഇന്ത്യ ലക്ഷ്യമിട്ടതെന്ന് അദ്ദേഹം ആവർത്തിച്ചു. (ഹോൾഡ് വോയിസ്)

ആഗോള ഭീകരതയുടെ കേന്ദ്രമെന്ന നിലയിൽ പാകിസ്ഥാൻ കുപ്രസിദ്ധമാണെന്നും വിദേശകാര്യ സെക്രട്ടറി വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേണൽ സോഫിയ ഖുറേഷിയും വിംഗ് കമാൻഡർ വ്യോമിക സിങ്ങും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. നിയന്ത്രണ രേഖയിൽ യാതൊരു പ്രകോപനവുമില്ലാതെ പാക് വെടിവയ്പ്പ് തുടരുകയാണെന്ന് ഇരുവരും വ്യക്തമാക്കി. പാകിസ്ഥാൻ സൈന്യത്തിന്റെ ഭാഗത്ത് നിന്നും സംഘർഷം അവസാനിപ്പിക്കാനുള്ള നീക്കമുണ്ടായാൽ ഇന്ത്യൻ സായുധ സേന അംഗീകരിക്കുമെന്നും അവർ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## DEFENCE-PAKISTAN 1

ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയ്ക്ക് സമീപം പാകിസ്ഥാൻ സേന നടത്തുന്ന ഷെല്ലാക്രമണങ്ങൾക്കെതിരെ ശക്തമായി തിരിച്ചടിച്ച് ഇന്ത്യ. ലാഹോറിലെ വ്യോമ പ്രതിരോധ സംവിധാനം തകർത്തതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. അതിർത്തി കടന്നുള്ള ആക്രമണം സ്ഥിരീകരിക്കുന്ന ആയുധ അവശിഷ്ടങ്ങൾ മേഖലയിൽ നിന്നും കണ്ടെടുത്തു. കുപ്വാര, ബാരാമുള്ള, ഉറി, രജൗരി മേഖലകളിലാണ് പാക്സേന പ്രകോപനമില്ലാതെ വെടിവയ്പ്പും ഷെല്ലിങ്ങും നടത്തിയത്. പാക് വെടിവയ്പ്പിൽ പതിനാറ് പേർ കൊല്ലപ്പെട്ടതായും മന്ത്രാലയം സ്ഥിരീകരിച്ചു.

&&&&&&&&&&&&&&&&&&

## NEW DAY. GOVT ALL PARTY MEETING-INTRO

ഓപ്പറേഷൻ സിന്ദൂറിലൂടെ ഭീകരതയ്ക്കെതിരെ തിരിച്ചടി നൽകിയ ഇന്ത്യൻ സായുധ സേനക്ക് ഏകകണ്ഠമായി പിന്തുണ പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ വിളിച്ചു ചേർത്ത സർവകക്ഷിയോഗം. ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 12ലധികം പാർട്ടികളിൽ നിന്നുള്ള നേതാക്കൾ പങ്കെടുത്തു. സായുധസേനയുടെ ധീരതയെ രാഷ്ട്രീയ നേതാക്കൾ പ്രകീർത്തിച്ചു. ഇന്ത്യ നടത്തിയ സിന്ദൂർ ഓപ്പറേഷനെക്കുറിച്ച് ശ്രീ സിംഗ് വിശദീകരിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, വിദേശകാര്യമന്ത്രി ഡോ. എസ്.

ജയ്ശങ്കർ, ആരോഗമന്ത്രി ജെ.പി. നദ്ദ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

രാജ്യം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളി തിരിച്ചറിഞ്ഞ് രാഷ്ട്രീയപാർട്ടികളിലെ നേതാക്കൾ ഉത്തരവാദിത്തത്തോടെ കാഴ്ചപ്പാടുകൾ പങ്കുവെച്ചതായി പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു യോഗത്തിന് ശേഷം മാധ്യമങ്ങളോട് പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ ഇപ്പോഴും തുടരുകയാണെന്ന് അറിയിച്ച അദ്ദേഹം, ഇത്തരം നിർണായക സമയങ്ങളിൽ രാഷ്ട്രീയത്തിന് സ്ഥാനമില്ലെന്ന് പാർട്ടി നേതാക്കൾ അഭിപ്രായപ്പെട്ടതായും പറഞ്ഞു.

(ഹോൾഡ്)

യോഗത്തിൽ പങ്കെടുത്ത കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും കേന്ദ്ര സർക്കാരിന് പൂർണ പിന്തുണ പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

**PM – HIGH LEVEL MEETING**

ദേശീയ സുരക്ഷ സംബന്ധിച്ച മുൻകരുതൽ നടപടികളുടെ ഭാഗമായി മന്ത്രാലയ തല ഏകോപനവും തയ്യാറെടുപ്പും അവലോകനം ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉന്നതതല യോഗം വിളിച്ചു ചേർത്തു. വിവിധ

മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും സെക്രട്ടറിമാർ പങ്കെടുത്തു. സിവിൽ ഡിഫൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, തെറ്റായ വിവരങ്ങളും വ്യാജ വാർത്തകളും തടയുക, നിർണായക അടിസ്ഥാന സൗകര്യങ്ങളുടെ സുരക്ഷ ഉറപ്പാക്കൽ എന്നിവ ചർച്ചയായി. മന്ത്രാലയങ്ങളും വകുപ്പുകളും സദാ ജാഗരൂഗരായിരിക്കണമെന്നും ജനങ്ങളുടെ സുരക്ഷക്ക് മുൻഗണന നൽകണമെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

## IB – PAKISTANI CONTENT

ദേശീയ സുരക്ഷ കണക്കിലെടുത്ത്, പാകിസ്ഥാനിൽ നിന്നുള്ള വെബ് സീരീസ്, സിനിമകൾ, ഗാനങ്ങൾ, പോഡ്കാസ്റ്റുകൾ, മറ്റ് ഉള്ളടക്കങ്ങൾ എന്നിവ ഇന്ത്യയിൽ പ്രക്ഷേപണം ചെയ്യാൻ പാടില്ലെന്ന് നിർദേശം. എല്ലാ OTT പ്ലാറ്റ്ഫോമുകളും, സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളും അത്തരം ഉള്ളടക്കങ്ങൾ സംപ്രേഷണം ചെയ്യുന്നത് ഉടൻ നിർത്തണമെന്ന് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം നിർദ്ദേശിച്ചു. രാജ്യത്തിൻറെ അഖണ്ഡതയെയും ഐക്യത്തെയും ബാധിക്കുന്ന യാതൊരു വിവരങ്ങളും പ്രചരിപ്പിക്കരുതെന്നും നിർദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## INDIA-PAK FAKE NEWS

പാക് അധിനിവേശ കശ്മീരിലെ ഭീകര കേന്ദ്രങ്ങൾക്കെതിരെ ഇന്ത്യ നടത്തിയ പ്രത്യാക്രമണത്തെത്തുടർന്ന് പാകിസ്ഥാൻ വ്യാജവിവരങ്ങൾ പ്രചരിപ്പിക്കുന്നത് തുടരുകയാണെന്ന് കേന്ദ്രസർക്കാർ. പാകിസ്ഥാൻ അനുകൂല സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴിയാണ് തെറ്റായ വീഡിയോ ഉള്ളടക്കങ്ങൾ ഉൾപ്പെടെ പ്രചരിപ്പിക്കുന്നത്. സമൂഹമാധ്യമങ്ങളിലൂടെയുള്ള വ്യാജ വാർത്തകൾക്കെതിരെ പൊതുജനം ജാഗ്രത പാലിക്കണമെന്നും സർക്കാർ നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## REV. PUNJAB– PAK INTRUDER SHOT DEAD

പഞ്ചാബ് അതിർത്തി മേഖലയിലെ ഫിറോസ്പൂർ സെക്ടറിൽ ഇന്ന് പുലർച്ചെ അതിർത്തി സുരക്ഷാ സേന ഒരു പാകിസ്ഥാൻ നുഴഞ്ഞുകയറ്റക്കാരനെ വധിച്ചു. മൃതദേഹം പോലീസിന് കൈമാറി. ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ പഞ്ചാബിലെ അട്ടാരി അതിർത്തി അടച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&

## VP–KAUTILYA

എല്ലായ്പോഴും ആഗോള സമാധാനത്തിനും ആഗോള ക്ഷേമത്തിനുമായി നിലകൊള്ളുന്ന രാജ്യമാണ് ഇന്ത്യയെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ന്യൂഡൽഹിയിൽ ഇന്ത്യാ ഫൗണ്ടേഷനിലെ കൗടില്യ ഫെലോകളുമായി

സംവദിക്കുകയായിരുന്നു അദ്ദേഹം. പുരാതന ചിന്തകനായ കൗടില്യയുടെ ആശയങ്ങൾ ഭരണത്തിലേക്കുള്ള ഒരു സമ്പൂർണ്ണ വഴികാട്ടിയാണെന്ന് ശ്രീ ധൻകർ അഭിപ്രായപ്പെട്ടു. രാഷ്ട്രത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിക്കാൻ എല്ലാവരോടും ഉപരാഷ്ട്രപതി ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&&

**IRAN FM-PRESIDENT**

ഇറാൻ വിദേശകാര്യ മന്ത്രി ഡോ. അബ്ബാസ് അരഗ്ചി ഇന്ന് ന്യൂഡൽഹിയിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിനെ സന്ദർശിച്ചു. ചബഹാർ തുറമുഖത്തിന്റെ പൂർണ്ണ ശേഷി പ്രയോജനപ്പെടുത്തുന്നതിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തെ കൂടിക്കാഴ്ചയിൽ രാഷ്ട്രപതി സ്വാഗതം ചെയ്തു. ഇന്ത്യ-ഇറാൻ ഉഭയകക്ഷി ബന്ധത്തെ ഈ സന്ദർശനം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ശ്രീമതി മുർമു ആത്മവിശ്വാസം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&

**RAJNATH – SINDOOR ( INTRO)**

ഓപ്പറേഷൻ സിന്ദൂറിലൂടെ ഒൻപത് പാക് ഭീകരകേന്ദ്രങ്ങൾ തകർത്ത ഇന്ത്യൻ സേനയുടെ നീക്കം രാജ്യത്തിനാകെ അഭിമാനകരമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഉന്നത നിലവാരമുള്ള പ്രതിരോധ ഉപകരണങ്ങളാണ് സൈനിക നടപടിക്കായി ഉപയോഗിച്ചത്. ന്യൂഡൽഹിയിൽ

നാഷണൽ ക്വാളിറ്റി കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

( വോയിസ്....)

&&&&&&&&&&&&&&&&&&

**JAISHANKAR – IRAN FM**

പാകിസ്ഥാനുമായുള്ള സാഹചര്യം വഷളാക്കുകയല്ല ഉദ്ദേശ്യമെന്നും എന്നാൽ സൈനിക ആക്രമണങ്ങൾക്ക് ശക്തമായ മറുപടി നൽകുമെന്നും ഇന്ത്യ. അതിർത്തിയിലെ തീവ്രവാദ കേന്ദ്രങ്ങളിൽ ആക്രമണം നടത്താൻ പഹൽഗാം ഭീകരാക്രമണം ഇന്ത്യയെ പ്രേരിപ്പിച്ചതായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ വ്യക്തമാക്കി. ന്യൂഡൽഹിയിൽ ഇന്ത്യ-ഇറാൻ 20-ാമത് സംയുക്ത കമ്മീഷൻ യോഗത്തിൽ ഇറാൻ വിദേശകാര്യ മന്ത്രി സയ്യിദ് അബ്ബാസ് അരഗ്ചിക്കൊപ്പം സഹ-അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. .

&&&&&&&&&&&&&&&&&&

**MALAPPURAM –NIPAH**

കേരളത്തിൽ വീണ്ടും നിപ സ്ഥിരീകരിച്ചു. മലപ്പുറം വളാഞ്ചേരി സ്വദേശിയായ 42 കാരിക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. നിലവിൽ പെരിന്തൽമണ്ണയിലെ ആശുപത്രിയിൽ ചികിത്സയിലാണ് ഇവർ. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുമെന്ന് ആരോഗ്യമന്ത്രി

വീണാ ജോർജ് പറഞ്ഞു. മലപ്പുറം കളക്ടറേറ്റിൽ മന്ത്രിയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു.

&&&&&&&&&&&&&&&&&&

## FLIGHT CANCELLED

ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ, ഡൽഹി വിമാനത്താവളം വഴിയുള്ള 90 വിമാന സർവീസുകൾ റദ്ദാക്കി. ഉച്ചയ്ക്ക് 2 മണി വരെയുള്ള കണക്കുകൾ പ്രകാരം ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള 33 ഉം തിരിച്ചുള്ള 46ഉം ആഭ്യന്തര വിമാന സർവീസുകളാണ് റദ്ദാക്കിയത്. 11 അന്താരാഷ്ട്ര വിമാന സർവീസുകളും റദ്ദാക്കിയിട്ടുണ്ട്. നേരത്തെ ജമ്മു, ശ്രീനഗർ, ലേ, ജോധ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡീഗഡ്, രാജ്കോട്ട് എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള നിരവധി ആഭ്യന്തര വിമാന സർവീസുകൾ ഈ മാസം 10 വരെ റദ്ദാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## RUSSIA–CEASEFIRE

റഷ്യൻ വിജയദിനാഘോഷങ്ങളുടെ ഭാഗമായി പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പ്രഖ്യാപിച്ച വെടിനിർത്തൽ പ്രാബല്യത്തിൽ വന്നു. റഷ്യയിലെ സൈനികനടപടികൾ ഇതോടെ നിർത്തിവച്ചു. യുക്രെനിൽ 72 മണിക്കൂർ വെടിനിർത്തൽ നടപ്പാക്കുമെന്ന് ഏപ്രിൽ 28 നാണ് പുടിൻ പ്രഖ്യാപിച്ചത്. അതേസമയം, റഷ്യൻ നഗരങ്ങളിൽ

യുക്രേനിയൻ സൈന്യം ഇന്നലെ വലിയ തോതിലുള്ള ഡ്രോൺ ആക്രമണം നടത്തിയതായി റഷ്യൻ വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു.

&&&&&&&&&&&&&&&&&&

## SSLC RESULT

സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷാ ഫലം നാളെ പ്രഖ്യാപിക്കും. നാല് ലക്ഷത്തി 27,021 വിദ്യാർഥികളാണ് ഇത്തവണ എസ്എസ്എൽസി പരീക്ഷയെഴുതിയത്. 72 കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിലാണ് ഇക്കുറി മൂല്യനിർണയം നടന്നത്.

&&&&&&&&&&&&&&&&&&

## WOMENS CRICKET

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ ഇന്ത്യ ഫൈനലിൽ. ദക്ഷിണാഫ്രിക്കയെ 23 റണ്ണിന് പരാജയപ്പെടുത്തിയാണ് ഫൈനൽ പ്രവേശം. ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ശ്രീലങ്കയാണ് ഇന്ത്യയുടെ എതിരാളി.

&&&&&&&&&&&&&&&&&&

## KPCC

മുതിർന്ന കോൺഗ്രസ് നേതാവ് സണ്ണി ജോസഫിനെ കെ പി സി സി അധ്യക്ഷനായി നിയമിച്ചു. സ്ഥാനമൊഴിയുന്ന

അധ്യക്ഷൻ കെ സുധാകരനെ പ്രവർത്തകസമിതി സ്ഥിരം ക്ഷണിതാവാക്കി. അടൂർ പ്രകാശാണ് യു ഡി എഫ് കൺവീനർ.. പി സി വിഷ്ണുനാഥ്, എ പി അനിൽ കുമാർ, ഷാഫി പറമ്പിൽ എന്നിവരെ വർക്കിംഗ് പ്രസിഡന്റുമാരായും നിയമിച്ചു. എ ഐ സി സി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയാണ് തീരുമാനമെടുത്തത്..

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&